# അമൃതാ ആയുർവേദ മെഡി. കോളേജ് ആശുപത്രി പ്രവർത്തനമാരംഭിച്ചു

**കൊല്ലം:** അമൃതാ ആയുർവേദ മെഡിക്കൽ കോളേജിന്റെ ആശുപത്രി വിഭാഗം വിജയദശമി ദിനത്തിൽ പ്രവർത്തനമാരംഭിച്ചു. സരസ്വതി പൂജയോടെ ആശുപത്രിയുടെ അഡ്മിനിസ്ട്രേറ്റീവ് ഡയറക്ടർ ബ്രഹ്മചാരിണി ഗുരുചരണാമൃത ചൈതന്യ ഭദ്രദീപം കൊളുത്തി.

സ്പെഷ്യാലിറ്റി വിഭാഗങ്ങളുടെയും പൊതുവിഭാഗങ്ങളുടെയും ഒ.പി. രാവിലെ 8.30 മുതൽ ഉച്ചയ്ക്ക് ഒന്നരവരെ പ്രവർത്തിക്കും. പഞ്ചകർമ്മം, പിഴിച്ചിൽ, ഞവരക്കിഴി എന്നീ വിഭാഗങ്ങളുടെ ഒ.പി. രാവിലെ 6.30 മുതൽ 11.30 വരെയും ഉച്ചയ്ക്ക് 3.00 മുതൽ 6.00 വരെയുമാണ്. സ്പെഷ്യാലിറ്റി വിഭാഗങ്ങളുടെയും പഞ്ചകർമ്മം, പിഴിച്ചിൽ, ഞവരക്കിഴി എന്നീ വിഭാഗങ്ങളുടെയും കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങളും സജ്ജമാക്കിയിട്ടുണ്ടെന്ന് അഡ്മിനിസ്ട്രേറ്റീവ് ഡയറക്ടർ അറിയിച്ചു.

ആധുനിക ശാസ്ത്രസാങ്കേതിക രോഗനിർണ്ണയ സംവിധാനങ്ങളും പരിശുദ്ധമായ ആയുർവേദ ചികിത്സാരീതികളിൽ പ്രയോജനപ്പെടുത്തി രോഗനിവാരണം പരിപൂർണ്ണമാക്കുകയെന്നതാണ് ലക്ഷ്യം.




അമൃത ആയുർവ്വേദ മെഡിക്കൽ കോളേജിന്റെ ആശുപത്രി വിഭാഗത്തിന്റെ പ്രവർത്തനത്തിന് തുടക്കംകുറിച്ച്, അഡ്മിനിസ്ട്രേറ്റീവ് ഡയറക്ടർ ബ്രഹ്മചാരിണി ഗുരുചരണാമൃത ചൈതന്യ ഭദ്രദീപം തെളിയിക്കുന്നു

Mathrubhumi (Page: 10) October 25, 2004